KERALA ELECTRICITY EMPLOYEES' CONFEDERATION
INTUC
KEEC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INTUC, YouTube: Keec intuc

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN Ex.M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | NAZEER.M<br>9447241503 |


No. KEEC/GL/2025/46

തിരുവനന്തപുരം
18.07.2025

സ്വീകർത്താവ്

ബഹു.ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം : -** **KSEBL ലെ നിരവധി വിഷയങ്ങൾ അങ്ങയുടെ അറിവിലേക്കും സത്വര നടപടികൾക്കുമായി സമർപ്പിക്കുന്നു.**

**സൂചന :**
1) **Annaual Accounts 1993-94, Page 82**
2) **Chief Peronnel Officer ടെ ഉത്തരവ്**
3) **Long term Settlement 2016-Page 35**
4) **സ.ഉ.(സാധ) നം.298/2024/GAD, തീയതി, തിരുവനന്തപുരം 19.1.2024**

## I. ജീവനക്കാരുടെ കുറവ്

ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ് KSEBL ന്റെ സുഗമമായ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. 1991 കാലഘട്ടത്തിൽ കേവലം 36 ലക്ഷം ഉപഭോക്താക്കൾ മാത്രമുള്ളപ്പോൾ 30000 (സൂചന 1) ജീവനക്കാർ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ കേവലം 24000 ജീവനക്കാർ മാത്രമാണുള്ളത്. 2016 ൽ 32000 ജീവനക്കാർ ഉണ്ടായിരുന്നു. 2016 ലെ ദീർഘകാല കരാർ പ്രകാരം എല്ലാ സെക്ഷനിലും ഘട്ടം ഘട്ടമായി ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തി ഉപഭോക്തൃ സേവനം മെച്ചപ്പെടുത്താൻ തീരുമാനിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ഇപ്പോഴും തീരുമാനം ഉണ്ടായിട്ടില്ല. തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ ജില്ലകളിൽ ഏതാനും സെക്ഷനുകളിൽ മാത്രമാണ് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളത്. ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ നിലവിലെ Sanctioned Strength വീണ്ടും കൂട്ടേണ്ടിവരും. എന്നാൽ ഇപ്പോൾ നിലവിലുള്ള Sanctioned Strength കുറയ്ക്കുവാനുള്ള നീക്കങ്ങളാണ് നടക്കുന്നത്. ജീവനക്കാരുടെ എണ്ണം കൂട്ടിയാൽ സ്ഥാപനത്തിന് കൂടുതൽ ബാധ്യത വരുമെന്ന അഭിപ്രായം ഞങ്ങൾക്കില്ല. യൂണിറ്റിന് 4.29 രൂപയ്ക്ക് കിട്ടുമായിരുന്ന വൈദ്യുതി കരാർ റദ്ദാക്കി 12 രൂപ വരെ കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങുന്നതുവഴി പ്രതിദിനം 3 കോടി, അതായത് മാസം 120 കോടി നഷ്ടം സഹിക്കുന്നു. പുരപ്പുറ സോളാറിലെ നെറ്റ് മീറ്ററിങ് വഴി പ്രതിമാസം 40 കോടി നഷ്ടം വരുന്ന KFON, ട്രാൻസ്ഗ്രിഡ് കരാറുകളിൽ ഉണ്ടായ നഷ്ടം വേറെ. KSEBL ന്റെ ചിലവിൽ പുരപ്പുറത്ത് കോടികൾ നിക്ഷേപിച്ച് വലിയ ബാധ്യത വരുത്തിയിരിക്കുകയാണ്. ഭരണഭാഷ - മലയാള ഭാഷ എന്നതിനുവേണ്ടി ലക്ഷങ്ങൾ ചിലവാക്കിയിട്ടും ഉത്തരവുകൾ എല്ലാം ഇപ്പോഴും ഇംഗ്ലീഷിൽ തന്നെ. Adani Corporation Wind കമ്പനികയുമായി ഒപ്പിട്ട കരാർ

മൂലമുണ്ടായ നഷ്ടം മറ്റൊന്ന്. നാട്ടിലില്ലാത്ത വിലയ്ക്ക് സെക്ഷൻ ഓഫീസിനു വസ്തു വാങ്ങിയത് മുതൽ 'SPIN' വരുത്തുന്ന ബാധ്യതകൾ വരെ പലതും നീണ്ടനിരയായി കിടക്കുന്നു. Online Payment, Charging Station ബാധ്യത വേറെ. ശമ്പളത്തിനുവേണ്ടി 270 കോടി മാത്രമാണ് (15%) ചിലവാക്കുന്നത്. ഈ സാഹചര്യത്തിൽ നിയമന നിരോധനം പിൻവലിച്ച് ജീവനക്കാരെ നിയമിക്കണം. അതിലേയ്ക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

a) ഇലക്ട്രിസിറ്റി വർക്കറിൽ നിന്നും ലൈൻമാനിലേക്കുള്ള പ്രമോഷൻ പുറത്തിറക്കിയ അങ്ങയുടെ തീരുമാനം ശ്ലാഘനീയമാണ്. 2 വർഷം മുമ്പ് ലഭിക്കേണ്ടിയിരുന്ന മേൽ പ്രമോഷൻ ഇലക്ട്രിസിറ്റി വർക്കർമാർ എല്ലാവരും ലൈൻമാൻ ജോലിയായിരുന്നു ചെയ്തു വന്നിരുന്നത്. CEA റെഗുലേഷൻ 2023 പ്രകാരം 8.6.2023 വച്ച് എല്ലാവരെയും ഒരു ട്രെയിനിങ്ങിന്റെ അടിസ്ഥാനത്തിൽ യോഗ്യരാണ്. ട്രെയിനിങ് നീട്ടിക്കൊണ്ടുപോയി പ്രമോഷൻ താമസിപ്പിച്ചത് തൊഴിലാളിയല്ലല്ലോ. ഈ സാഹചര്യത്തിൽ ഇപ്പോൾ പ്രമോഷൻ ലഭിച്ച എല്ലാവർക്കും 2023 ജൂൺ വച്ച് പ്രമോഷൻ effect ചെയ്യണം.

b) നിലവിൽ ഇലക്ട്രിസിറ്റി വർക്കർമാരുടെ ധാരാളം ഒഴിവുകൾ ഉണ്ട്. നിലവിലുള്ള വർക്കർമാർക്കും പ്രമോഷൻ കൊടുക്കുമ്പോൾ വീണ്ടും ഒഴിവുകൾ ഉണ്ടാകും. PSC ടെസ്റ്റ് പാസ്സായി നിൽക്കുന്ന 1000 ൽ താഴെ കോൺട്രാക്ട് വർക്കേഴ്സ് ലിസ്റ്റിലുണ്ട്. അവരിലെ പലർക്കും ഇനിയും 5 വർഷത്തിൽ താഴെ മാത്രമേ സർവ്വീസുള്ളൂ. ബോർഡിനുവേണ്ടി വളരെ നാളുകളായി കഷ്ടപ്പെടുന്ന അവർക്ക് അർഹതപ്പെട്ട ക്വാട്ടയിൽ നിയമനം നൽകി വർക്കർമാരുടെ കുറവ് പരിഹരിക്കാവുന്നതാണ്. ഈ ഒഴിവുകൾ നിയമപരമായി അവർക്കു അവകാശപ്പെട്ടതുമാണ്. അതുപോലെ വർക്കേഴ്സിന്റെ PSC ലിസ്റ്റ് ഉണ്ട്. അത് 3 വർഷം കഴിഞ്ഞുവെങ്കിലും അതിലുള്ളവരെ നിയമിക്കണമെന്ന് ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഉത്തരവും പുറത്തിറക്കിയിട്ടുണ്ട് (സൂചന 2). അവർക്കും നിയമനം ലഭിക്കാൻ അർഹതയുണ്ട്. എല്ലാ നിയമനങ്ങളും നടത്തി വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനുള്ള ഉചിത തീരുമാനം അങ്ങയുടെ ഭാഗത്തുനിന്നും പ്രതീക്ഷിക്കുന്നു.

c) എല്ലാ നിയമനങ്ങൾക്കും ശേഷം വരുന്ന ഇലക്ട്രിസിറ്റി വർക്കർമാരുടെ ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്യണം. തല്ക്കാലം എംപ്ലോയ്മെന്റിൽ നിന്നും ആളെ നിയമിക്കാൻ ബോർഡ് തീരുമാനിച്ചതും സ്വാഗതാർഹമാണ്. ബന്ധുനിയമനങ്ങളോ, വിരമിച്ചവരെ നിയമിക്കുന്നതോ സാമാന്യ നീതിക്ക് യോജിച്ചതല്ല. 8.6.2023 ന് ശേഷം ലൈ ലൈൻമാൻ തസ്തികയിൽ ആരെ നിയമിച്ചാലും CEA റെഗുലേഷൻ പാലിച്ചിരിക്കണമല്ലോ. നിലവിലുള്ളവരെ മാത്രമാണ് റെഗുലേഷൻ 2023 സംരക്ഷിച്ചിരിക്കുന്നത്. മേൽ ഇഉത്തരവ് വാങ്ങിയത് ഞങ്ങളുടെ നിരന്തരമായ ഇടപെടൽ കൊണ്ടുമാത്രമാണ്.

d) പല ഓഫീസുകളിലും ലൈൻമാൻ പോസ്റ്റിലേക്ക് യോഗ്യതയില്ലാത്തവരെ ബന്ധുനിയമനം നടത്തുന്നത് CEA റെഗുലേഷൻ പ്രകാരം നിയമ വിരുദ്ധമാണ്. ഇക്കൂട്ടർക്ക് ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ചാൽ അതിന്റെ ഉത്തരവാദിത്തം ജീവനക്കാരുടെ മേൽ വരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

## II. ക്ഷാമബത്ത

ദീർഘകാല കരാർ പ്രകാരം KSEBL ജീവനക്കാർക്ക് Consumer Price Index പ്രഖ്യാപിച്ചാലുടൻ ക്ക് അർഹതയുള്ളതാണ്. കരാറിന് വിരുദ്ധമായി DA നൽകുന്നില്ല. 16% DA കുടിശ്ശികയാണ്. ഇക്കാര്യത്തിൽ ഞങ്ങൾ ഹൈക്കോടതിയെ സമീപിച്ചിരുന്നു. അന്ന് ബോർഡ് കോടതിയിൽ പറഞ്ഞത് 2023 നവംബർ മാസത്തിലെ ബോർഡ് യോഗത്തിൽ DA അനുവദിക്കുമെന്നാണ്. ഇതേ തുടർന്ന് ബോർഡിനെ വിശ്വസിച്ച ഞങ്ങൾ വിശദമായ വാദം വേണ്ടായെന്ന നിലപാട് എടുത്തു. എന്നാൽ പിന്നീട് ബോർഡ് മറ്റൊരു ഉത്തരവിറക്കി DA നിഷേധിച്ചു (സൂചന 3). ഇപ്പോൾ ഈ ഉത്തരവിറക്കുന്നതിനുമുമ്പ് ബോർഡ് കോടതി ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളൊന്നും പറഞ്ഞിട്ടില്ലായെന്നത് മറ്റൊരു വസ്തുത. ഇപ്പോൾ ഇനിയും നിയമപരമായി പോകണമെങ്കിൽ മേൽ ഉത്തരവിനെതിരെ വീണ്ടും കോടതിയെ സമീപിക്കണം. അങ്ങയുടെ പക്ഷത്തുനിന്നും DA നൽകുന്നതിനുള്ള തീരുമാനം ഉണ്ടാകുമല്ലോ. ബോർഡ് ഇറക്കിയ ഉത്തരവിൽ പറയുന്നത്, 2016 ലെയും 2021 ലെയും കരാറുകൾക്ക് ഗവൺമെന്റ് അംഗീകാരമില്ലായെന്നും

അതിനാൽ DA നൽകാൻ കഴിയില്ലായെന്നുമാണ്. മന്ത്രിമാരും ഗവൺമെന്റിന്റെ ഭാഗമായ ചെയർമാൻ & മാനേജിങ് ഡയറക്ടർ, സെക്രട്ടറി, പവർ സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി, തുടങ്ങിയവർ ചേർന്ന് സംഘടനാ പ്രതിനിധികളുമായി ID ആക്ട് പ്രകാരം ഒപ്പുവച്ച കരാറിന് ഗവൺമെന്റ് അംഗീകാരം ഇല്ലായെന്ന് പറയാൻ പറ്റില്ലല്ലോ. ഫുൾ ബോർഡ് മീറ്റിംഗ് അംഗീകരിച്ച കാര്യത്തിന് (ചെയർമാൻ & മാനേജിങ് ഡയറക്ടർ, സെക്രട്ടറി, പവർ സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി ഉൾപ്പടെ അംഗീകരിച്ചത്) അനുവാദം ഇല്ലായെന്ന് പറയുന്നത് കേവലം ബാലിശമാണ്. അത് സംബന്ധിച്ചുള്ള ഒരു ഉത്തരവിറക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്. മേൽ കരാർ പ്രകാരം ശമ്പളവും, HRA അലവൻസുകളും ഒക്കെ കിട്ടുമ്പോൾ, DA ക്ക് മാത്രം എന്ത് തടസ്സമെന്ന് മനസ്സിലാകുന്നില്ല.

**III. <u>ലീവ് സറണ്ടർ</u>**

ഏതാണ്ട് 7000 പേരുടെ ജോലി, ലീവുപോലും എടുക്കാതെ ചെയ്യുന്ന ജീവനക്കാരുടെ അർഹതപ്പെട്ട ലീവ് സറണ്ടർ അടുത്ത സർക്കാർ വന്നതിനുശേഷമേ കൊടുക്കൂ എന്ന ഉത്തരവ് നീതിക്ക് നിരക്കുന്നതല്ല.

**IV. <u>ക്ലെയിം - ക്രെഡിറ്റ് കാലതാമസം</u>**

PF ൽ ഉൾപ്പടെയുള്ളത് ജീവനക്കാർ നിക്ഷേപിച്ച പണമാണ്. മുമ്പ് അത് കൃത്യമായി തിരികെ നല്കിയിരുന്നത് ഇപ്പോൾ 4 മാസത്തിലധികം കുടിശ്ശികയാണ്. അതേപോലെ തന്നെയാണ് പെൻഷൻ ആനുകൂല്യങ്ങളുടെ കാര്യത്തിലും 6 മാസം കുടിശ്ശികയാണ്. അത് അപേക്ഷിക്കുമ്പോൾ തന്നെ ലഭ്യമാക്കുന്നതിനുള്ള തീരുമാനം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. 2001 വർഷത്തിന്റെ തുടക്കത്തിൽ PF ന് അപേക്ഷിച്ചാൽ ഒരു വർഷം കഴിഞ്ഞ് ലഭിച്ചിരുന്ന സാഹചര്യം 3 വർഷംകൊണ്ട് മാറ്റിയെടുത്ത് അപേക്ഷിക്കുമ്പോൾതന്നെ പണം കിട്ടുന്ന സാഹചര്യം ശ്രീ.ആര്യാടൻ മുഹമ്മദ് മന്ത്രിയായിരുന്നപ്പോൾ ഉണ്ടായി. 3000 കോടി രൂപയോളം രൂപ വിവിധ ബാങ്കുകളിൽ Fixed Deposit ഇടുവാനും സാധിച്ചിരുന്നു.

**V. <u>ജനറൽ ട്രാൻസ്ഫർ</u>**

ഏതു സോഫ്റ്റ്‌വെയർ ഉപയോഗിച്ചാലും അത് സംഘടനകളുടെ സാന്നിധ്യത്തിൽ ടെസ്റ്റ് ചെയ്തതിനുശേഷം മാത്രമായിരിക്കണം പ്രാവർത്തികമാക്കേണ്ടത്, എന്ന അഭിപ്രായം നാളുകളായി ആവശ്യപ്പെടുന്നു. <u>DDV (Day Distance Value) എത്രയെന്ന് അറിയുവാൻ ഓരോ ജീവനക്കാരനും അവകാശമുണ്ട്.</u> അത് പ്രസിദ്ധീകരിക്കാനുള്ള നിർദ്ദേശം നൽകണം.

ജനറൽ ട്രാൻസ്ഫർ വന്നപ്പോൾ Domicile ൽ നിന്നും ദൂരെ മലബാർ മേഖലയിലേക്ക് പോയി അവിടെ 2 വർഷം ജോലി ചെയ്ത ശേഷം തിരികെ Domicile ലേക്ക് വന്നിട്ടുള്ള ആലപ്പുഴ/തിരുവനന്തപുരം ജില്ലയിലെ ജീവനക്കാരെ സംബന്ധിച്ച് അവര് Domicile കിട്ടാതെ ജില്ലയിലെ ഏതാണ്ട് ഒരു അറ്റത്ത് 4 വർഷം മുമ്പ് പോസ്റ്റിങ്ങ് കൊടുത്തു. അങ്ങനെ പോസ്റ്റിങ്ങ് ലഭിച്ചതുവഴി Domicile place ലേക്ക് ഇതുവരെ വരാൻ പറ്റിയിട്ടില്ല. ഒരോ ജനറൽ ട്രാൻസ്ഫറിലും Domicile ലേക്ക് apply ചെയ്യുമെങ്കിലും അവർ ഇപ്പോഴും അവിടങ്ങളിൽ തന്നെ നിൽക്കുന്നു. ഇപ്പോൾ 5 വർഷമായി, അടുത്ത 6-ാം വർഷം ആകുമ്പോഴേക്കും ഈ ജനറൽ ട്രാൻസ്ഫറിൽ അവർ വീണ്ടും transfer out ആകും. Domicile ൽ ചെല്ലാതെ അവര് വീണ്ടും വടക്ക് മുമ്പ് ജോലി ചെയ്തിരുന്ന സ്ഥലത്തുതന്നെ പോകുന്ന സാഹചര്യം ഉണ്ടാകും. അത് ഒഴിവാക്കണം. സീനിയോറിറ്റി എടുക്കുന്നത് ജില്ലാതലത്തിൽ ഡിവിഷൻ സീനിയോറിറ്റി ആയതുകൊണ്ടുള്ള പ്രശ്നമാണിത്. തുടക്കം മുതലേ ഞങ്ങളുടെ സംഘടന ഇതിനെ എതിർത്തതാണ്. **<u>ജില്ലാ തലത്തിലുള്ള സീനിയോറിറ്റി മാറ്റി സർക്കിൾ തലത്തിൽ നടപ്പിലാക്കിയാൽ ഇതിന് പരിഹാരമാകും. ജില്ലാ തലത്തിലാണ് എടുക്കുന്നതെങ്കിൽ Domicile ൽ ജോലി ചെയ്യാൻ പറ്റാത്തവർക്ക് Domicile ലേക്ക് അവർ Apply ചെയ്തിട്ടുണ്ടെങ്കിൽ (45km ൽ അധികം ഉണ്ടെങ്കിൽ) അവിടെത്തന്നെ അവർക്ക് ട്രാൻസ്ഫർ കൊടുക്കുകയും 3 വർഷത്തിൽ കുറയാതെ അവിടെ നിൽക്കുവാനുള്ള അവകാശം ലഭ്യമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് ഒരു ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടെങ്കിലും HRI's സീനിയോറിറ്റി പ്രസിദ്ധീകരിച്ചപ്പോൾ മേൽ ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി പ്രസിദ്ധീകരിച്ചപ്പോൾ മേൽ ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി പരിഗണന ഉൾപ്പെടുത്തിയിട്ടില്ല. ഇത് പരിഗണിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.</u>**

**VI. ആശ്രിത നിയമനം**

ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ച ജീവനക്കാരുടെ മക്കൾ/വിധവ ജോലി കാത്ത് നാളുകൾ നിൽക്കേണ്ടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ബോർഡിനും ജീവനക്കാർക്കും ജനത്തിനുംവേണ്ടി ജോലി ചെയ്ത ജീവനക്കാരുടെ ബന്ധുക്കൾക്കുള്ള നിയമനങ്ങൾക്കാണ് മുൻഗണന നൽകേണ്ടുന്നത്. OA യിൽ നിന്നും കാഷ്യറലേയ്ക്കുള്ള 10% പ്രമോഷൻ നൽകി തടസ്സപ്പെട്ടിരിക്കുന്ന ആശ്രിതനിയമനം പൂർത്തീകരിക്കണം.

**VII. സസ്പെൻഷൻ**

സസ്പെൻഷനിൽ കഴിയുന്ന ജീവനക്കാർക്ക് കുറ്റപത്രം നൽകിയാലുടൻ പുനർനിയമനം നൽകുന്നത് ബോർഡിന് നല്ലതാണ്. KSEBL ലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയിൽ ഉള്ളവർ ഫീൽഡുമായി യാതൊരു ബന്ധവും ഇല്ലാത്തവർ ആയതിന്റെ പേരിൽ പല വിഡ്ഢിത്ത ഉത്തരവുകളുമാണിപ്പോൾ പുറത്തിറക്കുന്നത്. അന്വേഷണം പൂർത്തിയായതിനുശേഷം മാത്രം നിയമനം നൽകൂ എന്ന നിലപാടാണ് കമ്മിറ്റി സ്വീകരിച്ചിരിക്കുന്നത്. 6 മാസം കഴിഞ്ഞാൽ സസ്പെൻഷനിൽ കഴിയുന്ന വ്യക്തിക്ക് മുഴുവൻ ശമ്പളം ലഭിക്കുമെന്നതിനാൽ എത്രയും പെട്ടെന്ന് അവരെ ജോലിക്ക് നിയോഗിക്കുന്നത് ബോർഡിന് ഗുണകരമാണ്.

**VIII. ബാധ്യത**

ഇലക്ട്രിക് ലൈനുകളിൽ നിന്നും ജനങ്ങൾക്ക് അപകടം ഉണ്ടായാൽ അതിന്റെ ബാധ്യത ജീവനക്കാർക്ക് വീതിച്ചു നൽകണമെന്ന ചീഫ് പേഴ്സണൽ ഓഫീസറുടെ ഉത്തരവ് റദ്ദ് ചെയ്യപ്പെടേണ്ടതാണ് (സൂചന 2). ഇക്കാര്യങ്ങൾക്ക് സ്ഥാപനം ഇൻഷുറൻസ് എടുക്കണം. ട്രെയിൻ അപകടം ഉണ്ടായാൽ Loco pilot ഓ വിമാനാപകടം ഉണ്ടായാൽ Pilot ഓ KSRTC അപകടം ഉണ്ടായാൽ ഡ്രൈവറോ അല്ലല്ലോ ബാധ്യത അടയ്ക്കേണ്ടുന്നത്. KSEBL ന്റെ നിലവിലെ തീരുമാനം സാമാന്യ നീതിക്ക് നിരക്കാത്തതാണ്.

**IX. മെറ്റീരിയൽ പർച്ചേസ്**

മെറ്റീരിയൽ സെൻട്രലൈസ്ഡ് പർച്ചേസ് വഴി വാങ്ങണമെന്ന പുതിയ ഉത്തരവ് നല്ലതാണ്. പക്ഷേ പൂർണ്ണമായും പ്രവർത്തികമാക്കുന്നതിനുമുമ്പേ ലോക്കൽ പർച്ചേസ് നിർത്തിയത് ബോർഡിന്റെ പ്രവർത്തനങ്ങളെയാകെ ബാധിച്ചു. അത് പുനഃപരിശോധിക്കണം. പല സ്ഥലങ്ങളിൽ ആവശ്യത്തിനുള്ള മെറ്റീരിയൽസ് ലഭിക്കുന്നില്ല. അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**X. സോളാർ ബില്ലിംഗ്**

നിലവിലുള്ള നെറ്റ് മീറ്ററിങ് മാറ്റി, ഇൻഡസ്ട്രിയൽ Prosumers ന് Gross Metering ഉം Domestic Prosumers ന് നെറ്റ് ബില്ലിംഗ് സിസ്റ്റവും നടപ്പിലാക്കണം. ഇപ്പോൾ തുടരുന്ന നെറ്റ് മീറ്ററിങ് വഴി പ്രതിമാസം ഉദ്ദേശം 40 കോടി രൂപ KSEB ക്ക് നഷ്ടമാകുന്നു. ഈ ബാധ്യത പാവപ്പെട്ട ജനനത്തിനുമേൽ അടിച്ചേൽപ്പിക്കുന്നത് സാമാന്യ നീതിക്കു നിരക്കുന്നതല്ല. 1.40 കോടി ഉപഭോക്താക്കളുള്ള KSEB ൽ ഉദ്ദേശം 2 ലക്ഷം പേർ മാത്രമാണ് (കേവലം 1.42%) പുരപ്പുറ സോളാർ Prosumers. മേൽ വിഭാഗങ്ങൾക്ക് ആനുകൂല്യം നൽകി സാധാരണക്കാരനെ ഉപദ്രവിക്കുന്നത് പൊതുമേഖലാ സ്ഥാപനത്തിന് യോജിച്ച നടപടിയല്ലല്ലോ. ബോർഡിന് നഷ്ടം വരുന്ന രീതിയിൽ കരാറുകൾ വയ്ക്കാൻ നേതൃത്വം നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും മേൽ നഷ്ടം ഈടാക്കണം.

**XI. Medical Reimbursement**

KSEBL ൽ തന്നെ പല ഓഫീസുകളിലും പല രീതിയിലാണ് Medical Reimbursement ബില്ല് പാസ്സാക്കുന്നത്. ബില്ല് Audit ചെയ്യുന്ന അസിസ്റ്റന്റിന്റെ മനോധർമ്മം അനുസരിച്ച് കാര്യങ്ങൾ കൈകാര്യം ചെയ്യാറുണ്ട്. 2016 ലെ ദീർഘകാലകരാർ പ്രകാരം അമൃത ഉൾപ്പടെയുള്ള ആശുപത്രികളിലെ ബില്ലുകൾ, ശ്രീചിത്ര ഹോസ്പിറ്റൽ പ്രകാരം നല്കാമെന്നിരിക്കെ (സൂചന 3) ചില ഓഫീസുകളിൽ ഫീൽഡ് ജീവനക്കാരെ കബളിപ്പിക്കാറുണ്ട്. KSEBL ൽ ഭൂരിപക്ഷവും ഫീൽഡിൽ പണിയെടുക്കുന്ന ജീവനക്കാരാണ്. ബില്ലുകളിലെ നൂലാമാലകളും തർക്കങ്ങളും അവരുടെ ലെവലിൽ വരുന്ന കാര്യങ്ങളല്ല. ഇതുമൂലം ഇക്കൂട്ടർക്ക് പലപ്പോഴും അർഹതപ്പെട്ടത് കിട്ടാറില്ല. ഈ സാഹചര്യത്തിൽ ഞങ്ങൾ ഒരു നിർദ്ദേശം വയ്ക്കുന്നു IT രംഗത്ത് KSEBL വളരെ മുന്നിലാണല്ലോ, സാലറി, പെൻഷൻ ഉൾപ്പടെയെല്ലാം കമ്പ്യൂട്ടറൈസ്ഡ് ആണ്. IT Calculation ന് വരെ

HRI'S/SAMAGRA ൽ കണക്ക് കൂട്ടാമെന്നിരിക്കെ Medical Reimbursement ബില്ലുകളുടെ കാര്യത്തിൽ അങ്ങനെയൊരു സോഫ്റ്റ്‌വെയർ അത്യാവശ്യമാണ്. Internal ആയി വളരെ നിസ്സാരമായി ചെയ്യാവുന്ന ഒരു കാര്യമാണിത്. KSEBL അംഗീകരിച്ചിട്ടുള്ള മരുന്നുകൾ/ ചികിത്സകളുടെ ലിസ്റ്റ് ഉണ്ടല്ലോ. ഇതുമായി ബന്ധപ്പെടുത്തി ഒരു പ്രോഗ്രാം ചെയ്താൽ ജീവനക്കാർക്ക് അവരുടെ ബില്ലുകൾ Software ൽ enter ചെയ്താൽ നിയമപ്രകാരം അനുവദിക്കപ്പെടുന്നത് മറ്റൊരു ഷീറ്റിലൂടെ ലഭിക്കുന്ന രീതിയിൽ പ്രോഗ്രാം ചെയ്താൽ Medical Reimbursement ലൂടെ സാധാരണ ജീവനക്കാരാണ് അർഹതപ്പെട്ടത് ലഭിക്കുമെന്ന് മാത്രമല്ല ഓഫീസുകളിലെ ജോലിഭാരം കുറയ്ക്കാനും, നീണ്ട പരിശോധന നടത്തി സമയം കളയുന്നത് ഒഴിവാക്കാനും സാധിക്കും.

**XII. ഏരിയൽ ലിഫ്റ്റ്**

എല്ലാ സെക്ഷനിലും ഏരിയൽ ലിഫ്റ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

**XIII. തിരുവനന്തപുരം വൈദ്യുതി ഭവനിലെ കോൺട്രാക്ട് നിയമങ്ങൾ**

ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവില്ലായെന്ന് പറഞ്ഞ് ആശ്രിതനിയമനം തടഞ്ഞു വച്ചിരിക്കുന്നു. അതേ സമയം തിരുവനന്തപുരം വൈദ്യുതി ഭവനിൽ നിരവധി പേർ കോൺട്രാക്ട് വ്യവസ്ഥയിൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലി ചെയ്യുന്നത് പരിശോധിക്കപ്പെടണം.

**XIV. SPIN**

SPIN എന്ന Wing ബോർഡിന് ലാഭമാണോ നഷ്ടമാണോ എന്ന് പരിശോധിക്കണം.

**XV. പുരപ്പുറ സോളാർ**

KSEBL ന്റെ ചിലവിൽ വച്ചിട്ടുള്ള പുരപ്പുറ സോളാർ എത്രയാണെന്ന് അവിടെ നിന്നും Output ഉണ്ടോയെന്നും, ക്ലീനിംഗ് നടക്കുന്നുണ്ടോയെന്നും പരിശോധിക്കണം.

**XVI. ഗ്രാന്റ്**

കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകളിൽ നിന്നും, Budget Provision വഴിയും വലിയ തുകകൾ ഗ്രാന്റ് കിട്ടുന്നുണ്ടെന്ന് പറയുന്നുണ്ടെങ്കിലും അതൊന്നും KSEBL ന്റെ Annual Report ൽ ഉൾപ്പെടുത്താത്തത് എന്തെന്ന് പരിശോധിക്കണം.

**XVII. ആഡിറ്റ് റിപ്പോർട്ട്**

മുൻ വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം ട്രാൻസ്ഗ്രിഡ് ഫയലുകൾ കൈമാറിയിട്ടില്ല, എന്ന് ആഡിറ്റർ കമന്റ് ചെയ്തിരിക്കുന്നു. അതിന്റെ കാരണം പരിശോധിക്കേണ്ടതാണ്.

**XVIII. വൈദ്യുതി വാങ്ങൽ കരാർ**

റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് വിനാശകരമായെന്ന് KSEBL തന്നെ അംഗീകരിച്ചതുവഴി കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) എടുത്ത നിലപാടുകൾ ശരിയെന്ന് തെളിഞ്ഞിരിക്കുകയാണ്. കുറഞ്ഞവിലയുടെ വൈദ്യുതി വേണ്ടായെന്ന് വച്ചതുവഴി 2130.09 കോടി രൂപ അധിക ബാധ്യത വന്നുകഴിഞ്ഞു. മുഴുവൻ ജീവനക്കാർക്കും 8 മാസം കൊടുക്കാനുള്ള ശമ്പള തുകയേക്കാൾ കൂടുതൽ തുക ഒരു വിവരക്കേടിന്റെ പേരിൽ നഷ്ടമായി. ഇതിൽനിന്നും വളരെ വ്യക്തമാണല്ലോ സ്ഥാപനത്തിന്റെ നഷ്ടം എന്നത് ജീവനക്കാരുടെ എണ്ണമോ, ശമ്പളമോ, അലവൻസുകളോ അല്ലായെന്ന സത്യം. ഉന്നതതലങ്ങളിലെ പിടിപ്പുകേടിന്റെ പേരിലുണ്ടാകുന്ന നഷ്ടത്തിന്റെ പേരുദോഷം മുഴുവൻ ജീവനക്കാരുടെ തലയിൽ വരുന്ന സാഹചര്യം സംഘടനാപരമായി അംഗീകരിക്കാനാകില്ല. ഭാവിയിലെങ്കിലും നല്ല രീതിയിലുള്ള പദ്ധതി പ്ലാനിങ്ങുകൾ നടത്തണം.

**XIX. Restructuring ൽ പ്രമോഷൻ തൊഴിലവസരങ്ങൾ നിഷേധിക്കരുത്**

ചീഫ് എഞ്ചിനീയർ പുറത്തിറക്കിയ ഉത്തരവ്/ലിസ്റ്റ് പ്രകാരം കമ്മിഷൻ അനുവദിച്ച 30321 ൽ നിജപ്പെടുത്തി. എന്നാൽ ഇപ്പോൾ 24000 ൽപരം പേർ മാത്രമാണ് ജോലി ചെയ്യുന്നത്. ബാക്കി ഒഴിവുകൾ നികത്തേണ്ടുന്നത് സുഗമമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. ഫീൽഡിൽ ആവശ്യമുള്ള ഓവർസിയറുടെ എണ്ണം വെട്ടിക്കുറച്ച ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ തുടങ്ങിയ തസ്തികകൾ വർദ്ധിപ്പിച്ചു. പണ്ട് ഒരു ചീഫ് എഞ്ചിനീയർ ആയിരുന്നത് ഇപ്പോൾ 14. ഫീൽഡിൽ ജീവനക്കാർ വേണം. എല്ലാ സെക്ഷനിലും ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുമ്പോൾ കൂടുതൽ തസ്തികയ്ക്ക് അനുവാദം വാങ്ങിയെടുക്കണം.

**XX. Annual Report 2022-23**

പെൻഷൻ ട്രസ്റ്റ് കുടിശ്ശിക 2022-23 ലെ Annual Report ൽ Auditors Comment ൽ വ്യക്തമായി പരാമർശിക്കുന്നു പെൻഷൻ ട്രസ്റ്റിന് നൽകാനുള്ള തുക നല്കിയിട്ടില്ലായെന്നും അത് കമ്പനീസ് ആക്റ്റ് 2013 ന് വിരുദ്ധമാണെന്നും, (Annual Report Page 110) തുക കൈമാറാത്തത് സംഘടനകളുമായി ഒപ്പുവച്ച ത്രികക്ഷികരാറിന് വിരുദ്ധവുമാണ്. പുതിയ Acturial Valuation നടത്തി കുടിശ്ശികയായി കിടക്കുന്ന 30000 കോടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. 10 വർഷത്തെ ഡ്യൂട്ടി പെൻഷൻ ട്രസ്റ്റിന് നൽകണമെന്ന് UDF സർക്കാരിന്റെ കാലത്ത് ഉത്തരവായതാണ്. കഴിഞ്ഞ 10 വർഷത്തെ ഉദ്ദേശം 10000 കോടി രൂപ KSEBL വകമാറ്റി. ആ തുകയും ഉടൻ നല്കേണ്ടുന്നതാണ്. ഇത്രയും തുകയ്ക്കുള്ള പ്രോജക്ടുകളോ പ്രവർത്തനങ്ങളോ ഇവിടെ നടന്നിട്ടില്ല. മേൽ തുക എന്ത് ചെയ്തുവെന്നും പരിശോധിക്കപ്പെടേണ്ടതാണ്.

**XXI. Bank Reconciliation**

Bank Reconciliation ശരിയായിട്ട് ഇവിടെ നടക്കുന്നില്ലായെന്ന് സംഘടന മുമ്പേ പറയുന്ന കാര്യങ്ങളാണ്. അതിപ്പോൾ Audit Report ൽ Auditors വ്യക്തമായി പറയുന്നു.

**XXII. ആസ്തി കണക്കെടുപ്പ്**

ആസ്തി കണക്കെടുപ്പ്, Software വർഷം 10 കഴിഞ്ഞിട്ടും പൂർത്തിയാക്കിയിട്ടില്ല, പരിശോധിക്കപ്പെടണം.

**XXIII. E- office**

എന്നാൽ E-office ഫയലുകൾ അയക്കുവാൻ ആവശ്യമായ കമ്പ്യൂട്ടറുകളോ, സ്കാനറുകളോ വിജിലൻസ്, SOR മുതലായ പ്രധാനപ്പെട്ട ഓഫീസുകളിൽ ഇതുവരെയും ലഭ്യമായിട്ടില്ല. ഇപ്പോൾ പ്രവർത്തിക്കുന്ന കമ്പ്യൂട്ടറുകളിൽ പലതും ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതുമാണ്. ആയതിനാൽ ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിയതിനുശേഷം മാത്രം E-office എല്ലാ ഓഫീസുകളിലും നിർബന്ധം ആക്കുന്നതിനെക്കുറിച്ച് അങ്ങയുടെ ഭാഗത്തുനിന്നും പുനർചിന്തനം ഉണ്ടാകേണ്ടതാണ്. വിജിലസ് ഓഫീസിൽ ഫയലുകൾ put up ചെയ്യണമെങ്കിൽ അതിന്റെ back file നിർബന്ധമായും ആവശ്യമാണ്. എന്നാൽ ഈ back file ഇതുവരെയും സിസ്റ്റത്തിൽ അപ്ഡേറ്റ് ചെയ്തിട്ടില്ല.

**XXIV. LM II to LM I പ്രമോഷൻ പുറത്തിറക്കുന്നത് സംബന്ധിച്ച്.**

| LM II to LM I Promotion | | | |
|---|---|---|---|
| | Sanctioned Strenth | Present Working | Vacancy |
| Lineman I | 6424 | 3366 | 3058 |
| Lineman II | 3211 | 5075 | -1864 |
| Total | 9635 | 8441 | 1194 |

| Electricity Worker-LM II- LM I Promotion | | | |
|---|---|---|---|
| | Sanctioned Strenth | Present Working | Vacancy |
| Lineman I (2/3*9635) | 6424 | 3366 | 3058 |
| Lineman II (1/3*9635) | 3211 | 5075 | 1194 |
| LM II Promotion നടത്തുമ്പോൾ LM II എണ്ണം 5075-3058= 2017 ആകും.<br><br>(3211-2017 = 1194 ഇത് പ്രകാരം LM I ലേക്ക് 3058 പേർക്കും LM II ലേക്ക് 1194 പേർക്കും പ്രമോഷൻ നൽകേണ്ടതുമാണ്) | | | |

നിലവിലുള്ള വർക്കേഴ്സിന് ട്രെയിനിങ് കൊടുത്ത് 1194 EW ന്
LM II ആയി പ്രൊമോഷൻ നൽകണം

| | | |
|---|---|---|
| നിലവിൽ ജോലി ചെയ്യുന്ന ഇലക്ട്രിസിറ്റി വർക്കർ | | 1313 |
| പ്രമോഷൻ കൊടുത്ത് കഴിയുമ്പോൾ | 1313-1194 = | 111 |
| ഇലക്ട്രിസിറ്റി വർക്കർ Sanctioned Strength | | 5311 |
| പ്രമോഷൻ നടന്ന് കഴിയുമ്പോൾ വരുന്ന ഒഴിവുകൾ | 5311-111 = | 5200 |

PSC കോൺട്രാക്ടർ വർക്കർ ലിസ്റ്റിൽ 800 പേർ അടുത്തുണ്ട്. കൂടാതെ അഡ്വൈസ് ജനറൽ ലിസ്റ്റ് കോടതി പറഞ്ഞതിൽ പ്രകാരം ഉള്ളവർക്കും നിയമനം നൽകിയശേഷം ബാക്കി ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്യണം. PSC ലിസ്റ്റ് വരുന്നതുവരെ CEA regulation പ്രകാരമുള്ള അർഹരെ എംപ്ലോയ്മെന്റ് വഴി നിയമിക്കണം. അതോടെ ഫീൽഡിലെ പ്രശ്നങ്ങൾ പരിഹരിക്കാനാകും. Restructuring Proposed Strength ൽ വരുത്തിയ കുറവ് അംഗീകരിക്കാനാവില്ല. അത് കണക്കാക്കിയാൽപോലും മുകളിൽ കാണിച്ചിരിക്കുന്ന കണക്കിൽ 500 കുറവ് മാത്രമേ വരികയുള്ളു.

**XXV. ഉപേക്ഷിക്കപ്പെട്ട ജലവൈദ്യുത പദ്ധതികൾ പുനരാലോചിക്കണം**

ജലവൈദ്യുത പദ്ധതികളെ ഇപ്പോൾ പാരമ്പര്യേതര ഊർജ്ജത്തിൻ പരിധിയിൽ കേന്ദ്ര ഗവൺമെന്റ് ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് മുൻപ് ഉപേക്ഷിച്ച പല പദ്ധതികളും പുനരാലോചിക്കാൻ സാധിക്കും. സോളാർ പദ്ധതികൾ നടപ്പിലാക്കിയപോലെ KSEBL ന് ജനങ്ങൾക്കോ ബാധ്യതവരുന്ന രീതിയിലാകരുത്. ഇനിയും ഒരു വൈദ്യുതി ചാർജ് വർദ്ധനവ് ഉണ്ടെങ്കിൽ അതിന്റെ കാരണം മറ്റൊന്നുമല്ല

(1) പുരപ്പുര സോളാർ പദ്ധതിയിലെ തെറ്റായ ബില്ലിംഗ്
(2) വൈദ്യുതി കരാർ റദ്ദ് ചെയ്ത നടപടി.

ഇപ്പോൾ ജലവൈദ്യുതിയെ പാരമ്പര്യേതര ഊർജ്ജ വിഭാഗത്തിൽ കേന്ദ്ര ഗവണ്മെന്റ് പെടുത്തിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഉപേക്ഷിക്കപ്പെട്ട ജലവൈദ്യുതി പദ്ധതികളായ സൈലന്റ്‌വാലി, പൂയംകുട്ടി, ആതിരപ്പള്ളി, എന്നിവ പുനഃപരിശോധിക്കണം. പരിസ്ഥിതിയ്ക്ക് യാതൊരു ദോഷവുമില്ലാത്ത പദ്ധതികളാണ് ജല വൈദ്യുത പദ്ധതികൾ. ആതിരപ്പള്ളി പദ്ധതി ഉപേക്ഷിച്ചത് 24 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്ന വിഷയത്തിലാണ്. വിഴിഞ്ഞം പദ്ധതിക്കുവേണ്ടി, വികസനത്തിനുവേണ്ടി എത്രയോ പുനരധിവാസം നടത്തി. ഈ സ്ഥിതിയ്ക്ക് ആതിരപ്പള്ളി നടപ്പാക്കാവുന്നതാണ്. ജല വൈദ്യുതി പദ്ധതികൾ വന്നാൽ വനം ഇല്ലാതാകുമെന്നാണ് പരിസ്ഥിതി വാദികൾ വാദിക്കുന്നത്. കേരളത്തിന്റെ ഭൂപ്രകൃതിയുടെ 24% വനമാണ്. അതിൽ 2% മാത്രമാണ് നാളിതുവരെയുള്ള ജലവൈദ്യുതി പദ്ധതികൾക്കുവേണ്ടി ഉപയോഗിച്ചിട്ടുള്ളത്. ഇനിയും കേവലം 2% മാത്രം കൂടി ഉപയോഗിച്ചാൽ നിലവിലുള്ള അത്രയും Installed Capacity ഉണ്ടാക്കാൻ സാധിക്കും. ഇവിടെ എടുത്ത് പറയേണ്ടുന്നകാര്യം ജലവൈദ്യുത പദ്ധതികളുടെ catchment area ൽ മാത്രമാണ് ഇപ്പോഴും വനം സംരക്ഷിക്കപ്പെട്ടിട്ടുള്ളത്. ബാക്കി സ്ഥലങ്ങളിലൊക്കെ കൈയ്യേറ്റം നടക്കുന്നു. പദ്ധതി പ്രദേശത്ത് കാവലുള്ളതിനാൽ എല്ലാം സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

**XXVI. വിവരാവകാശം**

സംസ്ഥാന ഗവൺമെന്റിന് online വിവരാവകാശ പോർട്ടിൽ കൂടി അപേക്ഷിക്കുവാൻ KSEB സാഹചര്യം ഒരുക്കിയിട്ടില്ല. KSRTC ഉൾപ്പടെയുള്ള സ്ഥാപനങ്ങളുടെ പേരുകൾ പോർട്ടലിൽ ഉണ്ടായിട്ടും KSEB ക്ക് അത് നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

**XXVII. ഇൻസ്പെക്ഷൻ ബംഗ്ലാവ്**

IB എന്നാൽ ഇൻസ്പെക്ഷൻ ബംഗ്ലാവ് എന്നാണല്ലോ. അതാത് ജോലിയുടെ ഭാഗമായ Audit/Inspection ന് പോകുമ്പോൾ ഉപയോഗിക്കാനുള്ളത്. അത് ചുരുക്കം ചില സാഹചര്യങ്ങളിൽ ജീവനക്കാർ വ്യക്തിപരമായ യാത്രകളിലും ഉപയോഗിക്കാറുണ്ട്. അതിന് മാത്രമുള്ളതാണ്. KSEB ഉണ്ടായ 1957 മുതൽ നാളിതുവരെ അങ്ങനെ തന്നെയാണ് ഉപയോഗിച്ച് വരുന്നത്. എന്നാൽ

അടുത്തിടെ ബോർഡ് ഇറക്കിയ ഉത്തരവിൽ അത് പൊതുജനങ്ങൾക്കുകൂടി തുറന്ന് കൊടുക്കുവാൻ തീരുമാനം എടുക്കാൻ പോകുന്നതായി അറിയുന്നു. ഇത് അംഗീകരിക്കാനാകില്ല. കാരണം നിലവിൽ ജീവനക്കാർ/പെൻഷൻകാർ മാത്രമായിട്ടുപോലും പലർക്കും ബുക്കിംഗ് കിട്ടുന്നില്ല. ചുരുക്കം സ്ഥലങ്ങളിൽ മാത്രമാണല്ലോ IB ഉള്ളത്. KSEB യുടെ IB യെ PWD ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ് പോലെ ബോർഡ് കണ്ടുവെങ്കിൽ അത് ഇൻസ്പെക്ഷൻ ബംഗ്ലാവും ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ പറ്റാതിരുന്നതുകൊണ്ടാണ്. മാത്രവുമല്ല PWD ക്ക് എല്ലാ താലൂക്ക് അടിസ്ഥാനത്തിലും ഹോട്ടൽ ശൃംഖല പോലെ വലിയ കെട്ടിടങ്ങൾ/റൂമുകൾ ഉണ്ട്. അത് കൊണ്ടാണ് പൊതുജനങ്ങൾക്ക് തുറന്നു കൊടുത്ത്. ഇവിടെ അങ്ങനെ ഒരു സംവിധാനം ഇല്ലല്ലോ. കറന്റ് വിൽക്കുന്ന KSEB മറ്റൊരു കച്ചവടത്തിലേക്കു കൂടി കടക്കണോ എന്ന് രണ്ടുവട്ടം ആലോചിക്കേണ്ടതാണ്. ഇതിനുവേണ്ടി മുടക്കുന്ന തുക മറ്റൊരു വൈദ്യുതി ചാർജ് വർദ്ധനവിലൂടെ പാവം ജനത്തിന്റെ തലയിൽ അടിച്ചേൽപ്പിക്കേണ്ടിവരില്ലേ. ഹൈഡൽ ട്യൂറിസം എന്ന നമ്മുടെ കമ്പനി കഴിഞ്ഞ കുറെ വർഷങ്ങളായി ശരാശരി 4 കോടിവച്ച് നഷ്ടം വരുത്തിക്കൊണ്ടിരിക്കുകയാണല്ലോ. അതിന്റെ നഷ്ടവും വൈദ്യുതി ചാർജ് എന്ന പേരിൽ സാധാരണ ജനത്തിന്റെ തലയിൽ അടിച്ചേൽപ്പിക്കുകയാണല്ലോ. മേൽ സാഹചര്യങ്ങളൊക്കെ പരിഗണിച്ച് ഇൻസ്പെക്ഷൻ ബംഗ്ലാവ് പുറത്ത് ആൾക്കാർക്ക് ബുക്കിംഗ് നൽകാനുള്ള നീക്കം പിൻവലിക്കണം. അതേ സമയം IB ബുക്കിംഗ് ഓൺലൈൻ ആയി നടപ്പിലാക്കണം. ജീവനക്കാർക്ക് HRI's വഴിയും പെൻഷൻകാർക്ക് പെൻഷൻ പോർട്ടൽ വഴിയും ബുക്കിംഗ് ചെയ്യാവുന്ന രീതിയിൽ ഓൺലൈൻ ബുക്കിംഗ് ഏർപ്പെടുത്തണം.

**XXVIII. ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാരെ പഞ്ചിങ്ങിൽ നിന്നും ഒഴിവാക്കിയ സർക്കാർ ഉത്തരവ് KSEB യിലും നടപ്പിലാക്കണം (സൂചന 4).**

**മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ പ്രധാനപ്പെട്ടവ ചുരുക്കി രേഖപ്പെടുത്തുന്നു.**

1. ജീവനക്കാരുടെ കുറവ് പരിഹരിക്കണം. പ്രമോഷൻ നൽകണം. PSC ലിസ്റ്റിൽ നിന്നും നിയമിക്കണം. ബാക്കി ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്യണം. PSC ലിസ്റ്റ് വരുന്നതുവരെ എംപ്ലോയ്മെന്റ് വഴി നിയമനം നടത്തണം. PSC ലിസ്റ്റിൽ നിന്നും കോൺട്രാക്ട് വർക്കേഴ്സിനെ നിയമിക്കണം. ബഹു.സുപ്രീം കോടതി പറഞ്ഞതിന് പ്രകാരവും ഗവൺമെന്റ് ഉത്തരവ് പ്രകാരവും PSC ലിസ്റ്റിൽ ഉള്ളവർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
2. കുടിശ്ശിക DA ഉടൻ നൽകുന്നതിനുള്ള തീരുമാനം ഉണ്ടാകണം.
3. ലീവ് സറണ്ടർ നൽകണം. EW/OA മാരുടെ ലീവ് സറണ്ടർ നൽകുന്നതിനുള്ള ക്രെഡിറ്റ് നൽകണം.
4. ക്ലെയിമുകൾ നല്കുമ്പോഴുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം.
5. ജനറൽ ട്രാൻസ്ഫർ ഉടൻ പുറത്തിറക്കണം. സോഫ്റ്റ്വെയർ ടെസ്റ്റ് ചെയ്തതിനുശേഷമേ പ്രാവർത്തികമാക്കാവൂ.
6. മുടങ്ങിക്കിടക്കുന്ന ആശ്രിത നിയമനങ്ങൾ ഉടൻ നടത്തുന്നതിനുള്ള തീരുമാനമെടുക്കണം.
7. സസ്പെൻഷനിൽ കഴിയുന്ന ജീവനക്കാരെ കുറ്റപത്രം നൽകിയാലുടൻ പുനർ നിയമനം നടത്തണം.
8. പൊതുജനത്തിനുണ്ടാകുന്ന അപകടങ്ങളിൽ ജീവനക്കാരിൽനിന്നും തുല്യമായി നഷ്ടം ഈടാക്കാനുള്ള തീരുമാനം പിൻവലിക്കണം.
9. മെറ്റീരിയൽ പർച്ചേസ് കൃത്യമാക്കണം
10. സോളാർ ബില്ലിംഗ് രീതി മാറ്റണം
11. Medical Reimbursement ബില്ല് Audit ന് ഒരു Software തയ്യാറാക്കാൻ നിർദ്ദേശം നൽകണം.
12. എല്ലാ സെക്ഷനിലും ഏരിയൽ ലിഫ്റ്റ് നൽകണം

13. SPIN എന്ന Wing ബോർഡിന് ലാഭമാണോ നഷ്ടമാണോ എന്ന് പരിശോധിക്കണം.
14. പുരപ്പുര സോളാർ ബില്ലിംഗ് രീതി മാറ്റണം.
15. Administrative Protection പരിശോധിക്കണം.
16. ഉപേക്ഷിക്കപ്പെട്ട ജലവൈദ്യുത പദ്ധതികൾ പുനരാലോചിക്കണം.
17. വിവരാവകാശം സംസ്ഥാന ഗവൺമെന്റിന്റെ പോർട്ടലിൽ കൂടി ഓൺലൈൻ ആയി രേഖപ്പെടുത്തണം.
18. LM II to LMI Promotion പുറത്തിറക്കണം
19. LM II to Over 10% Promotion പുറത്തിറക്കണം
20. ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാരെ പഞ്ചിങ്ങിൽ നിന്നും ഒഴിവാക്കിയ സർക്കാർ ഉത്തരവ് KSEB യിലും നടപ്പിലാക്കണം.

KSEBL ന്റെ ഇപ്പോഴത്തെ ബാധ്യതകൾക്ക് കാരണം തെറ്റായ ഭരണവും കരാറുകളും അഴിമതിയുമായിരുന്നു. അല്ലാതെ ജീവനക്കാരോ അവർക്കു നൽകിയ ശമ്പളമോ ക്ഷാമബത്തയോ ലീവ് സറണ്ടർ ഒന്നുമല്ല. ആയതിനാൽ തടഞ്ഞുവച്ചിരിക്കുന്ന ആനുകൂല്യങ്ങൾ ഉടൻ നൽകണമെന്ന് പ്രമോഷനും നിയമനങ്ങളും ഉടൻ നടപ്പിലാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | നസീർ.എം<br>ജനറൽ സെക്രട്ടറി |

KERALA ELECTRICITY EMPLOYEES' CONFEDERATION
Reg: No. 01-14/87
AFFI. No. 10485
★ INTUC ★

## ANNEXURE_A

| Particulars | 1991-92 | 1992-93 | 1993-94 |
|---|---|---|---|
| 1. Installed Capacity (MW) (Hydel only) | 1477 | 1477 | 1484 |
| 2. Power Generated Kwh in lakhs) | 53260 | 61890 | 58223 |
| 3. Less Auxiliary consumption (Kwh in lakhs) | 260 | 310 | 330 |
| 4. Net Power Generated (Kwh in lakhs) | 53000 | 61580 | 57893 |
| 5. Power Purchased (Kwh in lakhs) | 18530 | 12330 | 20200 |
| 6. Total power available for sale (Kwh in lakhs) (4+5) | 71530 | 73910 | 78093 |
| 7. Power sold (Kwh in lakhs) | 55960 | 58390 | 62342 |
| 8. Transmission and Distribution loss (Kwh in lakhs) | 15570 | 15520 | 15751 |
| 9. Units generated per KW of installed capacity (in number) | 3606 | 4190 | 3923 |
| 10. Plant Load Factor (Hydel) (In percentage) | 48 | 48 | 48 |
| 11. Percentage of generation to installed capacity | NA | NA | NA |
| 12. Percentage of transmission and distribution loss | 22 | 21 | 20 |
| 13. Villages/Towns electrified. | 1384 | 1384 | 1384 |
| 14. Pumpsets/Wells energised (Lakh numbers) | 2.40 | 2.65 | 2.76 |
| a. Private tube wells | | | |
| b. State tube wells | | | |
| 15. Connected Load (in MW) | 5526 | 6576 | 4933* |
| 16. Number of consumers (in lakhs) | 36.98 | 39.30 | 41.54 |
| 17. Number of employees | 30415 | 25765 | 25815 |
| 18. Employees cost per MKWh | 253179 | 274847 | 310119 |

KSEB

# KERALA STATE ELECTRICITY BOARD LIMITED

(Incorporated under the Companies Act, 1956)
CIN:U40100KL2011SGC027424

**Regd. Office - Vydyuthi Bhavanam, Pattom, Thiruvananthapuram, Kerala-695004.**

Phone No.0471 2514472, 2514527, 2514455 FAX No.0471 2514472
Web: www.kseb.in e-mail:pokseb@gmail.com

No. PS/ST4 & ST8/Accidents/2022 Date: 20.10.2022

## CIRCULAR

Sub: Settlement of Workmen's Compensation claims, ex-gratia benefit to the General Public & Domestic Cattles electrocuted from Board's installations – instructions issued - Regarding.

Ref:- 1. B.O. No. 1394/95 PS (SD)/2815/93 dated 10.07.1995
2. Circular no. PS VIII/GI/97 dtd. 19.01.2000
3. Circular No. PS III/1793/92 dated 27.05.2003
4. B.O. No. 1641/2018 (PS VIII/GL/97) dtd. TVM 05.07.2018.
5. B.O. No. 1862/2008 (PS1/4406/16 dt. 17.10.2018
6. Minutes of the meeting dtd. 20.09.2022 of the Chairman & Managing Director, KSEBL.

As per Circular cited 3rd above, all controlling officers were instructed to report fatal/non fatal accidents occurred to the General Public/Board Employees/ Contractor's workmen at the office of the Chief Personnel Officer along with necessary details/documents for early settlement of claims. Detailed instructions regarding safety precautions to be followed has also been issued. Despite all these, it has been noticed that the field officers are not adhering to the instructions contained therein which results in inordinate delay in settling the ex-gratia/compensation to the accident victim. Due to the delay occurred in reporting the accidents and forwarding the documents necessary to ascertain the eligibility to sanction ex-gratia/compensation in accordance with the provisions of the Act/ Orders prevailing in KSE Board huge financial loss is caused to the Board by way of interest on account of belated settlement of claims. The Chairman and Managing Director has discussed the matter in the meeting held on 20.09.2022 with the O/o Chief Personnel Officer and given strict direction for early settlement of claim.

All documents for ascertaining the eligibility for ex-gratia/compensation has to be submitted within one month from the date of accident and all claim should be settled within 3 months. In the circumstance following further instructions are issued for strict compliance of all ARU heads and field officers concerned in future.

1. All field officers are directed to submit the First Report of Accident in respect of all types of accidents (fatal/non fatal) occurred to Board Employees, Contractor's workmen, General Public and Cattles etc. with in 24 hours time to the office of the Chief Personnel Officer, Personnel Department, Vydyuthi

Bhavanam, Pattom, Thiruvananthapuram through E-mail (*pokseb@gmail.com*).

2. The Site Mahassar and the Detailed Report of Accident in respect of all types of accident shall be prepared and forwarded within 48 hours of the date of occurrence of accident.

3. The accident shall be reported to the local Police Station forthwith.

4. In respect of fatal accidents to General Public all controlling officers shall furnish the following documents to the office of the Chief Personnel Officer in addition to the documents mentioned at Sl. No (1) and (2), (1) FIR of Police, (2) Police Inquest Report, (3) Post Mortem Certificate, (4) Death Certificate in original, (5) Legal Heirship Certificate and (6) Consent Affidavit for ascertaining the eligibility of the legal heirs to receive ex-gratia benefit as per *'Vydyuthi Suraksha Scheme'*.

5. In the case of sustaining permanent disability to General Public due to electrocution from Board's installations, the following details shall be forwarded in addition to the documents mentioned in Sl. No. (1) & (2).
   a) Treatment certificate
   b) Medical certificate in original issued by the District Medical Board showing the percentage of permanent disability sustained.
   c) Individual representation in original requesting for the benefit.

6. In the case of fatal accidents occurred to Board Employees and Contractor's workmen, documents such as (1) Death Certificate in original, (2) Attested copies of FIR of Police, (3) Postmortem Certificate, (4) Police Inquest Report (5) 12 months wages drawn details prior to the date of occurrence of the accident and (6) Certificate/relevant page of SSLC Book to prove the Date of Birth of the victim shall be submitted with in 2 weeks in addition to the details mentioned (1) & (2).

7. Attested copy of Contract of Agreement/work order related to the work done by the victim shall be submitted in case of all types of accidents occurred to petty contract workmen.

8. For Half Monthly/ Disablement Compensation related to non fatal accident victims, documents viz. Medical Certificate showing the period of treatment and rest advised by the doctor & Fitness Certificates in original, Medical Certificate showing the percentage of disability issued by the District Medical Board(in original) shall be submitted.

9. In case of non fatal accident occurred to contract workman based on the seriousness the injury and based on the estimate certificate issued by the Doctor concerned can be sanctioned as immediate assistance as per the provisions of Rule 4-A (2) of EC Act 1923 which will be deducted from the final disablement compensation sanctioned.

As per Board Order cited 5th above, KSE Board has decided to enhance the financial limit prescribed for the petty contract work from `3 lakh to `5 lakh and this will be the maximum ceiling limit fixed for the award of petty contract works. Board's liability for payment of compensation is limited only in case of those 'petty contract work' which does not exceed the above limit. The liability of payment of compensation in respect of accident occurred during the conduct of those works with estimate cost above `5,00,000/- is with the contractor who has engaged the contract workers. The following directions are issued in this regard.

1. The contractor undertaking work with estimate cost more than`5,00,000/- shall be directed to obtain an insurance coverage(All Risk Cover) in respect of the workmen engaged by him from a nationalized Insurance company by paying adequate premium to cover the compensation payable as per the provisions of the Act in case of fatal and nonfatal accident if any occurred to the workmen.

2. The insurance coverage obtained as per (1) above shall be sufficient enough to cover all the expenses payable on behalf of the fatal/nonfatal accident victims including hospital expenses, HMC, funeral benefit, compensation (death and disablement total and partial) and other financial benefits payable as per the provisions of the Employee's Compensation Act, 1923.

3. The details regarding the insurance cover obtained, number of workmen included, period of validity, terms and conditions, exceptions if any shall be included as a compulsory item in the contract of agreement/ work order. The policy document in original shall be attached with the work order and retained in safe custody at the office concerned.

4. The work order shall not be issued and the contractor shall not be authorized to undertake or commence the work unless and until the conditions stipulated under Clause (1), (2) and (3) above are complied with.

5. In case of occurrence of any accident to the employee engaged by the Petty Contractor, the work bill of the contractor shall not be settled unless and until eligible amount of compensation and other financial benefit are deposited before the 'Commissioner for Employees Compensation' or disbursed to the non fatal accident victim directly as per the provision of the ECA 1923.

6. An agreement condition to the effect that "Any liability on the difference in compensation amount payable before the Commissioner for Workmen's Compensation (Deputy Labour Commissioner) or to the victim beyond the insurance claim amount sanctioned by the insurance company rests with the contractor who has engaged the victim" shall be included in the Contract of Agreement/Work Order.

In cases of death and non fatal accidents to the contract workmen, KSE Board being the principal employer is somehow or other liable to compensate the victims of the accident. In order to properly defend KSEB Ltd against such claims, adequate security and insurance coverage shall be obtained from contractors for discharging the liability under Employee's Compensation Act, 1923.

Instructions and guidelines were already issued to field officers regarding the proper conduct of Board's cases by appointing Nodal Officers at Circle/Division level. But it is noticed that much delay is caused in sending certified copy of decree and judgments of disposed cases to the KSEB Ltd. As the Hon'ble High Court is not inclined to accept the reasons for condoning the delay, the Board becomes constrained to deposit the amount.

Hence KSEBL once again remind all the field officers to see that judgements and decrees of all disposed cases are forwarded to the Board within the appeal period (60 days from the date of pronouncement of the judgement) and ensure that appeals are filed in time.

All field officers are again informed that in cases where the Commissioner for Workmen's Compensation imposes interest for the compensation amount due to the delay in depositing compensation and in cases in which the Board has to bear those expenses, the field officers who are responsible for the delay in sending the report and documents shall be held liable for that amount.

In the above circumstance KSEBL once again reminds all ARU Heads and all the field officers concerned to comply with the instructions issued in this Circular scrupulously. Any lapse in this regard will be viewed seriously and the field officers & ARU heads will be held liable for any loss sustained on this account.

Failure in following these instructions shall lead to initiating stringent disciplinary action against field officers concerned and liability caused if any, on behalf of the above will be fixed on the concerned filed officers & ARU Heads.

For any clarification regarding the above matter, the office of the Chief Personnel Officer may be contacted for necessary advice and further directions in this regard.

20/x/22

**Secretary (Administration)**

To:

All ARU Heads.

Copy to:-

All Chief Engineers/Financial Adviser/Chief Internal Auditor/The LA & DEO/ The Chief Vigilance Officer/ All Deputy Chief Engineers/The TA to Chairman & Managing Director/ The TA to Director (Finance & HRM)/The TA to Director(REES, SOURA,NILAAVU Project, Sports & Welfare)//The TA to Director (G-C)/The TA to Director (Gen-Electrical)/The TA to Director (D, SCM & IT)/The TA to Director (T, SO, Plg & Safety)/ The Company Secretary I/C/The PA to Director Finance/All Executive Engineers/The Deputy Secretary (Admn) The Chief Public Relations Officer/All Regional Audit Officers/CA to Secretary (Admn)/ The Fair Copy Superintendent/ Records Section/Stock file.

മുദ്ര (3)



# MEMORANDUM OF SETTLEMENT

**(Under Section 18 of the Industrial Disputes Act, 1947)**

## A. Names of Parties

**Representing Kerala State Electricity Board Limited:**

| | | |
|---|---|---|
| 1. | Sri.M.Sivasankar IAS | Chairman & Managing Director |
| 2. | Sri.N.S.Pillai IA&AS | Director (Finance) |
| 3. | Sri.Nandan C V | Director (Generation & HRM) |
| 4. | Smt.B.Nina | Director (Distribution & Safety) |
| 5. | Sri.O.Asokan | Director (CP & SCM) |
| 6. | Smt.Vijayakumari P | Director (T & SO) |
| 7. | Sri.R.Rajasekharan Nair | Secretary (Administration) |

**Representing Workmen:**

| I. Kerala State Electricity Board Workers' Association (CITU) | II. United Democratic Electricity Employees' Front | III. Kerala Electricity Workers' Federation (AITUC) |
|---|---|---|
| 1.Sri.K.O.Habeeb, President | 1.Sri.K.P.Dhanapalan, Ex.MP,President | 1.Sri.A.N.Rajan, President |
| 2.Sri.V.Lakshmanan, Gen. Secretary | 2.Sri.Sibykutty Francis, Gen. Secretary | 2.Sri.M.P.Gopakumar, Gen. Secretary |
| 3.Sri.V.S.Ajithkumar, Asst. Secretary | 3.Sri.V.Gopakumar, Treasurer | 3.Sri.S.H.Shanavas, Working President |
| 4.Smt.B.Jayasree, Joint Secretary | 4.Sri.K.C.Rajan, Secretary | 4.Sri.P.James Raphel, Treasurer |
| 5.Sri.P.Jayandas, Vice President | 5.Sri.Pratheepkumar .S, Secretary | 5.Sri.V.J.Kuriakose, Secretary |
| 6.Sri.C.Madhu, Office Bearer | 6.Sri.R.Ajithkumar, Org. Secretary | 6.Sri.B.H.Ani, Secretary |
| 7.Sri.S.Ajayakumar, Joint Secretary | 7.Sri.Shajahan .M, Joint Secretary | 7.Smt.Kavitha Rajan, Vice President |
| 8.Sri.P.N.Pradeep, Joint Secretary | 8.Sri.K.G.Sethunath, Joint Secretary | 8.Sri.K.Anil, Org. Secretary |
| | 9.Sri.Francis .P, Joint Secretary | 9.Sri.Jacob.V.Lazer, Secretary |

**Short recital of the case**

The erstwhile Kerala State Electricity Board had entered into a Long Term Settlement with the two recognized Trade Unions on 28.02.2011 revising the then existed wages and allowances and service conditions of all categories of workmen with effect from 01.08.2008. This settlement was executed for a period of five years and it expired on 31.07.2013.

b) This allowance will be paid based on a declaration furnished by the employee along with the cash bill to the effect that the spectacle has been purchased for his/her own use. The present practice of entering the receipt of this allowance in the Service Book of the employee will be strictly followed.

9. **Education Allowance to parents of differently abled children**

This allowance will be paid at the rate of Rs.500/- per month to those employees whose differently abled child/children are undergoing studies in Special/General Schools.

10. **Conveyance Allowance to differently abled PTC Employees**

This allowance being paid to PTC employees having permanent/partial disability of not less than 40% will be enhanced from the existing Rs.600/- to Rs.800/- per month.

## Article-XI

## General and Miscellaneous

A. **Grade Promotion**

The existing provision for granting Time Bound Grade Promotion will continue as such.

B. **General**

1. The scheme introduced by the State Government for granting Leave Travel Concession will be extended to the employees of Kerala State Electricity Board Limited also. The guidelines issued by State Government regarding the admissibility of LTC, distance of travel, advance payments, mode of conveyance, reimbursement of fare etc specified as per G.O.(P)No.5/2013/Fin dated 02.01.2013 and subsequent amendment orders, if any, issued by State Government will be applicable to the employees of Kerala State Electricity Board Limited.

2. The income limit prescribed as per Notification No. PS-I/3766/2007 dated 09-02-2011 for Compassionate Employment Scheme will be enhanced to Rs.6 Lakhs.

3. The employees who had joined the service of the Board before 01-08-2003 will be allowed one more chance for submitting application for reckoning prior service rendered elsewhere, subject to the condition that the employees' pension contribution should be

paid directly by the concerned former Government Department itself. The above service rendered in Government Departments will be reckoned for pensionery benefits only. Detailed instructions will be issued in this matter.

4. In the case of treatment for heart ailments Pariyaram Medical College (Sahakarana Hrudayalaya), Kannur and Malabar Institute of Medical Sciences, Kozhikode are included among the list of hospitals such as Sree Chitra Tirunal Institute of Medical Sciences and Technology, Thiruvananthapuram, Sree Uthradom Thirunal Hospital, Thiruvananthapuram, Amrita Institute of Medical Sciences, Kochi etc. for re-imbursement of medical expenses at the rate admissible at Sree Chitra Tirunal Institute of Medical Sciences and Technology, Thiruvananthapuram.

5. The list of admissible medicines for re-imbursement in the Medical Benefit Rules of KSEBL will be updated and published in the official website of KSEBL.

6. The expenses incurred by employees for conducting cases arising during the course of employment by engaging external advocates to defend themselves will be reimbursed at KSEBLs approved rate. In such cases Counsel/Advocate of the KSEBL will not be engaged for conducting cases.

7. Currently recruitment under sports quota is being done against the total sanctioned strength unlike in Government where appointments are made on supernumerary posts. The services of the persons recruited under sports quota are not available now to the Company during the bond period or active period of engagement in sports. Therefore appointment under sports quota will be made on supernumerary basis. KSEBL will issue detailed guidelines in this matter.

8. In order to avoid delay in processing pension papers, NLC will be issued in a time bound manner. Detailed instructions will be issued in this matter.

9. Method of appointment of Mazdoor will be modified after discussion with recognised Trade Unions.

10. Employees retired from the service of KSEBL will be issued identity cards, subject to the condition that the expenditure in this respect should be borne by the retired employee.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - പ്രത്യേകമായ പ്രയാസം അനുഭവിക്കുന്നതും ഹൈസപ്പോർട്ട് ആവശ്യമായതുമായ ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാരെ മാത്രം സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.298/2024/GAD തീയതി,തിരുവനന്തപുരം, 19-01-2024

---

പരാമർശം:-
1) 17/08/2019 ലെ റൂൾസ്2/90/2019/ഉഭപവ നമ്പർ സർക്കുലർ
2) സ.ഉ(കൈ)നം.108/2018/പൊഭവ തീയതി 18.05.2018
3) സ.ഉ.(സാധ ) നം.192/2020/പൊഭവ തീയതി 13.01.2020.
4) സ.ഉ.(സാധ ) നം.7637/2018/പൊഭവ തീയതി 22.11.2018.
5) സ.ഉ.(സാധ ) നം.8153/2018/പൊഭവ തീയതി 17.12.2018.
6) സ.ഉ.(സാധ ) നം.77/2019/പൊഭവ തീയതി 06.05.2019.
7) സ.ഉ.(സാധ ) നം.5090//2019/പൊഭവ തീയതി 30.08.2019.
8) സ.ഉ.(സാധ ) നം.6790//2019/പൊഭവ തീയതി 27.11.2019.
9) 16.12.2022, 09.01.2023 എന്നീ തീയതികളിലെ ഈ വകുപ്പിന്റെ സി.ഡി.എൻ.4/151/2018/പൊഭവ-പാർട്ട്-2 നമ്പർ സർക്കുലർ
10) സ.ഉ.(കൈ)നം.2/2023/SJD തീയതി 11.05.2023
11) സ.ഉ.(സാധാ) നം.3253/2023/പൊഭവ തീയതി 14.07.2023

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ,സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശിത ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ ഗുരുതര രോഗം ബാധിച്ച് അവശ നിലയിലുള്ളതും അംഗവൈകല്യം ബാധിച്ചതുമായ ജീവനക്കാരെ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം മുഖേന അറ്റൻഡൻസ് രേഖപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭ്യമാകുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രത്യേകമായ പ്രയാസം അനുഭവിക്കുന്നതും ഹൈസപ്പോർട്ട് ആവശ്യമായതുമായ ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാരെ മാത്രം സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഓരോ കേസും സംബന്ധിച്ച അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് പ്രത്യേകമായി പരിശോധിച്ച് സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗിൽ നിന്നും ഒഴിവാക്കി നൽകുന്നതിന് വകുപ്പ് മേധാവി/ജില്ലാ ഓഫീസറെ ചുമതലപ്പെടുത്തുന്നു. ഇവരുടെ ഹാജർ, ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ലീവുകൾ സ്പാർക്ക് വഴി നൽകേണ്ടതുമാണ്. ഹാജർ പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ലീവുകൾ ക്രമീകരിച്ചെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രം DDO മാർ ശമ്പള ബിൽ തയ്യാറാക്കേണ്ടതാണ്. കൂടാതെ ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാരുടെ സ്പാർക്ക് പ്രൊഫൈലിൽ മേൽ ആനുകൂല്യം ലഭ്യമാകുന്നതിനായി PH (Physically Handicapped) രേഖപ്പെടുത്തേണ്ടതുമാണെന്നും ഇതിനാൽ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും

സ.ഉ.(സാധാ) നം.298/2024/GAD

എല്ലാ വകുപ്പ മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്കും
സീനിയർ ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി, കേരള സ്റ്റേറ്റ് സെന്റർ, ബിൽഡിംഗ്, വെള്ളയമ്പലം,തിരുവനന്തപുരം.
സീനിയർ കൺസൾട്ടന്റ്, സ്റ്റേറ്റ് ഗവർണൻസ് മിഷൻ ടീം, കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ,വെള്ളയമ്പലം, തിരുവനന്തപുരം
മാനേജർ, സ്പാർക്ക്, പിഎം.യു ഓഫീസ്, ഡി.പി.സി ബിൽഡിംഗ്, കേരള യൂണിവേഴ്റിറ്റി ക്യാമ്പസ്, പാളയം, തിരുവനന്തപുരം - 695 001
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ. സെക്യൂരിറ്റി & സർവൈലൻസ് ഗ്രൂപ്പ് കരകുളം, തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ,കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണൽ,തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ- 680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പസ് ഓഫീസ്, പൂക്കോട്, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
പൊതുഭരണ (കമ്പ്യൂട്ടർ സെൽ വകുപ്പ് (പൊതുഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sreekumar T
സെക്ഷൻ ഓഫീസർ
Date: 19-01-2024 17:12:48

പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് /പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്
പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എസ്സ്